**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3555** **12-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോളേജുകളിൽ എ.ഐ. സാങ്കേതിക വിദ്യ ഉൾപ്പടെയുള്ള നൂതന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ എ.ഐ. സാങ്കേതിക വിദ്യ ഉൾപ്പടെയുള്ള നൂതന കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം നൂതന കോഴ്സുകളാണ് ഉൾപെടുത്താൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ? | (എ) | എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വകാര്യ കോളേജുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്പെഷലൈസേഷൻ ആയിട്ടുള്ള ബി.ടെക്, എം.ടെക് പ്രോഗ്രാമുകൾ നടത്തി വരുന്നു. കൂടാതെ, വിവിധ എം.ടെക്, ബി.ടെക് പ്രോഗ്രാമുകളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട പിണറായി സർക്കാർ പോളിടെക്നിക്ക് കോളേജിൽ (i) Artificial Intelligence & Machine Learning, (ii) Embedded Systems, (iii) Automobile Engineering, (iv) Construction Technology തുടങ്ങിയ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>2025 – 26 അധ്യയന വർഷത്തിൽ ഇടുക്കി ഗവ. എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പാലക്കാട് ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ്, കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ റോബോട്ടിക്സ് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇൻഡസ്ട്രിയൽ സിസ്റ്റംസ് എഞ്ചിനീയറിംഗ് തുടങ്ങിയ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. ആയവ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ